<u>കുളക്കട സി ഡി എസ്സിന്റെ കോവിഡ് 19 കാലത്തെ പ്രവർത്തനങ്ങൾ</u>

പത്തനംതിട്ട ജില്ലയോട് അതിർത്തി പങ്കിടുന്ന വെട്ടിക്കവല ബ്ലോക്കിലെ ഗ്രാമപഞ്ചായത്താണ് കുളക്കട. മാസ്ക് നിർമാണത്തിലൂടെയും വിതരണത്തിലൂടെയും കോവിഡ് 19ന് പ്രതിരോധം തീർക്കുകയും സാമൂഹ്യ അടുക്കള, ജനകീയ ഹോട്ടൽ എന്നിവയിലൂടെ ഭക്ഷ്യ ദൗർലഭ്യം മാറ്റുകയും ചെയ്ത് ഉത്തമ മാതൃകയായി സി ഡി എസ്.

1. <u>മാസ്ക് നിർമാണവും വിതരണവും</u>

എ ഡി എസ്സുകളുടെ നേതൃത്വത്തിൽ അവരുടെ ഫണ്ടിൽ നിന്നും തുക ഉപയോഗിച്ച് തുണി വാങ്ങി വാർഡിലെ വിവിധ കുടുംബശ്രീ തയ്യൽ സംരംഭങ്ങൾ സേവനമായി മാസ്ക്കുകൾ നിർമിച്ച വാർഡിലെ മുഴുവൻ വീടുകളിലെ എല്ലാ അംഗങ്ങൾക്കും സൗജന്യമായി വിതരണം ചെയ്തു.





അഞ്ചാം വാർഡായ കുളക്കടയിലെ എ ഡി എസ്സിന്റെ പ്രവർത്തനം ഇതിനൊരു ഉത്തമ മാതൃകയാണ്.



ന്യായ വിലയിൽ വ്യത്യസ്തതരം മാസ്കുകൾ നിർമ്മിച്ച നൽകുന്നതിലും സി ഡി എസ് പരിശ്രമിക്കുന്നുണ്ട്.

2. <u>സാമൂഹിക അടുക്കളയും ജനകീയ ഹോട്ടലും</u>

സാമൂഹിക അടുക്കള 2020 മാർച്ച് 28 മുതൽ മാവടി കേന്ദ്രമാക്കി യഥാർത്ഥമായി. രുചി സ്നാക്സ് കേറ്ററിംഗ് യൂണിറ്റിന്റെ പ്രവർത്തനം എടുത്തു പറയേണ്ടത് തന്നെ.

ഇത് 2020 ഏപ്രിൽ 26 തീയതിയോടെ കൂടി ജനകീയ ഹോട്ടലായി മാറുകയും ചെയ്തു.





അങ്ങനെ വെട്ടിക്കവല ബ്ലോക്കിലെ ആദ്യത്തെ ജനകീയ ഹോട്ടൽ ഉദ്ഘാടനം ബഹുമാനപ്പെട്ട കൊട്ടാരക്കര നിയോജക മണ്ഡലം എം എൽ എ ശ്രീമതി അയിഷാ പോറ്റി നിർവഹിച്ചു.

സാമൂഹിക അടുക്കളയുടെ സേവനം മറ്റൊരു യൂണിറ്റ് ഏറ്റെടുക്കുകയും 2020 മെയ് 03 വരെ പ്രവർത്തനം നീളുകയും ചെയ്തു.

തയ്യാറാക്കിയത് :
ലിജോഷ് ജോൺ
ബ്ലോക്ക് കോഓർഡിനേറ്റർ (എം ഇ )
വെട്ടിക്കവല ബ്ലോക്ക്